# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1065 01/07/2015 ൽ മറുപടിക്ക്

## ആർ.എം.എസ്.എ പദ്ധതി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി | | ശ്രീ.പി.കെ. അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ്) |
| ആർ.എം.എസ്.എ. പദ്ധതി പ്രകാരം സംസ്ഥാനത്ത് എത്ര വിദ്യാലയങ്ങൾ യു.പി. സ്കൂളുകളായും ഹൈസ്കൂളുകളായും ഉയർത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ | (എ) | 111 യു.പി സ്കൂളുകൾ ഹൈസ്ക്കൂളുകളായി അപ്ഗ്രേഡ് ചെയ്തിട്ടുണ്ട്. |
| (ബി) പുതുതായി അപ്ഗ്രേഡ് ചെയ്യുന്നതിന് വിദ്യാലയങ്ങളുടെ പട്ടിക തയ്യാറാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്രയെന്ന് വിശദമാക്കാമോ ; | (ബി) | തയ്യാറാക്കിയിട്ടുണ്ട്. ആർ.എം.എസ്.എ പദ്ധതിയിൽ ഉൾപ്പെടുത്തി അപ്ഗ്രേഡ് ചെയ്യുന്നതിന് 30 സ്കൂളുകളുടെ പ്രൊപ്പോസൽ എം.എച്ച്.ആർ.ഡി യ്ക്ക് സമർപ്പിച്ചുവെങ്കിലും നാളിതുവരെ അംഗീകാരം ലഭിച്ചിട്ടില്ല. ഇപ്പോൾ ഈ വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. |
| (സി) ആർ.എം.എസ്.എ. പദ്ധതി പ്രകാരം പ്രസ്തുത വിദ്യാലയങ്ങൾക്ക് എന്തെല്ലാം ആനുകൂല്യങ്ങളും സഹായങ്ങളുമാണ് അനുവദിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ? | (സി) | ആർ.എം.എസ്.എ പദ്ധതി പ്രകാരം അപ്ഗ്രേഡ് ചെയ്ത 111 സ്കൂളുകളിൽ 2009-10 വർഷം അപ്ഗ്രേഡ് ചെയ്ത 60 സ്കൂളു കളിൽ 59 സ്കൂളുകൾക്ക് (ഒരു സ്കൂൾ ആരംഭിച്ചിട്ടില്ല) കെട്ടിടനിർമ്മാണത്തിന് ഫണ്ട് നൽകിയിട്ടുള്ളതും ആയത് ജില്ലാ പഞ്ചായത്ത്/ മുനിസിപ്പാലിറ്റി കളുടെ നേതൃത്വത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുംവരുന്നു. തുടർന്ന് 2010-11 ൽ അപ്ഗ്രേഡ് ചെയ്ത 36 സ്കൂളുകൾക്കും 2011-12 ൽ അപ്ഗ്രേഡ് ചെയ്ത 16 സ്കൂളുകളുടെയും കെട്ടിടനിർമ്മാണ ത്തിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത 111 സ്കൂളുകൾക്കും 2015-16 ലെ വാർഷിക പദ്ധതിയിൽ സ്കൂൾ ഒന്നിന് സ്കൂൾ ഗ്രാന്റായി 50,000/- രൂപാ വീതം അനുവദിച്ചിട്ടുണ്ട്. കൂടാതെ ഹെഡ്മാസ്റ്റർ ഉൾപ്പെടെ അദ്ധ്യാപകർക്ക് ശമ്പളം കൊടുക്കുന്നതിന് എം.എച്ച്.ആർ.ഡി യുടെ അംഗീകാരം ലഭിച്ചിട്ടു ണ്ട്. എം.എച്ച്.ആർ.ഡി യുടെ അംഗീകാരം ലഭിച്ചിട്ടില്ലാത്ത 30 സ്കൂളുകൾക്ക് സഹായങ്ങൾ ലഭ്യമാക്കാൻ ആർ.എം.എസ്.എ യ്ക്ക് നിർവ്വാഹമില്ല. എങ്കിലും ടി സ്കൂളുകളിൽ ആവശ്യമായ തസ്തിക നിർണ്ണയംനടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. |

സെക്ഷൻ ഓഫീസർ